ഉത്തരം

(എ) ഇല്ല. എന്നാൽ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാനുള്ള തീരുമാനം ബോർഡ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

(ബി&സി) ഉദിക്കുന്നില്ല.

കർഷക തൊഴിലാളി ക്ഷേമനിധി സംബന്ധിച്ച ആനുകൂല്യങ്ങൾ വിതരണം

61(964) ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി സംബന്ധിച്ച ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനുള്ള ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചത് എന്നു മുതൽക്കാണ്;

(ബി) ഏത് തീയതി വരെയുള്ള അപേക്ഷകളാണ് നാളിതുവരെ തീർപ്പ് കൽപ്പിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളത് എന്നറിയിക്കുമോ;

(സി) ഇനിയും അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) ക്ഷേമനിധി ബോർഡിന്റെ വിവിധ ജില്ലാ ഓഫീസുകൾ വ്യത്യസ്ത തീയതികളിലാണ് ആരംഭിച്ചിട്ടുള്ളത്. ആനുകൂല്യങ്ങൾ നൽകിവരുന്നത് ഓരോ ജില്ലകളിലും ലഭ്യമായ അപേക്ഷകളുടെ മുൻഗണനാ ക്രമത്തിലാണ്. മുഴുവൻ അപേക്ഷകളിലും തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി&ഡി) ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) വിവിധ ആനുകൂല്യങ്ങൾക്കായി 58279 അപേക്ഷകൾ തീർപ്പു കൽപ്പിക്കാനായി ബാക്കിയുണ്ട്. ഈയിനത്തിൽ 23 കോടി രൂപയോളം സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കുമ്പോൾ മേൽപറഞ്ഞ അപേക്ഷകൾ എല്ലാം തീർപ്പ് കൽപ്പിച്ച് ആനുകൂല്യങ്ങൾ നൽകാൻ നിർവ്വാഹമില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതാണ്.

സമാനസ്വഭാവമുള്ള ക്ഷേമനിധിബോർഡുകൾ ഏകീകരിക്കാൻ നടപടി

62(965) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട് ; ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ഏകീകരിക്കുവാൻ ഉദ്ദേശിക്കുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ 12 തൊഴിലാളിക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. അവ താഴെ കൊടുക്കുന്നു:-

1. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
2. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്.
3. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്.
4. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
5. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്.
6. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്.
7. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്.
8. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.
9. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.
10. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.
11. കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫെയർ ബോർഡ്.
12. കേരള ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡ്. (പ്രവർത്തനം ആരംഭിച്ചിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 61(964) ദയവായി കാണുക]

തീർപ്പാക്കാനുള്ള അപേക്ഷകരുടെ കണക്ക്

ജില്ല	എക്സ് ഗ്രേഷ്യ	വിവാഹനു കൂല്യം	പ്രസവാനു കൂല്യം	ചികിത്സാ കൂല്യം	അധിവർഷാ കൂല്യം
(1)	(2)	(3)	(4)	(5)	(6)
തിരുവനന്തപുരം	96	1050	68	137	4387
കൊല്ലം	41	349	28	14	2203
പത്തനംതിട്ട	197	373	60	60	1270
ആലപ്പുഴ	50	....	...	30	5620
കോട്ടയം	40	1159	74	137	2325
ഇടുക്കി	16	202	11	11	1145
എറണാകുളം	39	951	85	193	2746
തൃശൂർ	...	1536	38	21	7129
പാലക്കാട്	18	1546	118	79	3714
മലപ്പുറം	...	557	64	64	1763
കോഴിക്കോട്	84	2187	38	68	2548
വയനാട്	44	559	20	13	258
കണ്ണൂർ	152	1434	87	51	7441
കാസർഗോഡ്	46	326	9	25	1055
ആകെ	823	12249	700	903	43604

LIBRARY ARCHIVES Kerala Legislative Assembly